## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2291 — 01.04.2013-ൽ മറുപടിക്ക്

## ഓട്ടിസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ :<br>,, പി. സി. ജോർജ് :<br>ഡോ. എൻ. ജയരാജ് :<br>ശ്രീ. റോഷി അഗസ്റ്റിൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കുഞ്ഞുങ്ങളിൽ ഓട്ടിസം എന്ന അവസ്ഥ കണ്ടു തുടങ്ങിയത് ഏതു കാലഘട്ടം മുതലാണ് ; | (എ) 1940 - കാലഘട്ടങ്ങളിലാണ് ഈ അവസ്ഥ കൂടുതലായി കണ്ടുതുടങ്ങിയത്. |
| (ബി) നിലവിൽ ഓട്ടിസം ബാധിച്ചവരുടെ കണക്കുകൾ ലഭ്യമാണോ ; ഏതു ജില്ലയിലാണ് ഈ അവസ്ഥയിലുള്ളവർ അധികമുള്ളത് ; | (ബി) ഇല്ല. |
| (സി) ഓട്ടിസം ബാധിച്ചവരുടെ സംഖ്യ ഓരോ വർഷവും വർദ്ധിച്ചുവരുന്നതായ സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ; | (സി) ക്രമാതീതമായി ഓട്ടിസം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഓട്ടിസം ക്ലിനിക്കുകളുടെ പ്രവർത്തനങ്ങൾ 2013-14 സാമ്പത്തിക വർഷം തന്നെ വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) ഓട്ടിസം എന്ന രോഗത്തിന് പ്രത്യേകമായ ഒരു ചികിത്സ നിലവിലില്ല. രോഗത്തിന്റെ അവസ്ഥ അനുസരിച്ച് കുട്ടികളിൽ കാണുന്ന വൈകല്യങ്ങളെ നിയന്ത്രിക്കുന്നതിനു വേണ്ടി പ്രത്യേകമായ റെമഡിയൽ ചികിത്സാരീതികൾ ആണ് അവലംബിക്കുന്നത്. സാധാരണയായി മനോരോഗവിദഗ്ധരാണ് ഈ ചികിത്സയ്ക്ക് നേതൃത്വം നൽകുന്നത്. ഓട്ടിസത്തിനുവേണ്ടി പ്രത്യേക ക്ലിനിക്കുകളുടെ ആവശ്യകത ഇല്ല. മറിച്ച് ഈ കുട്ടികളെ പരിചരിക്കുന്നതിന് ആവശ്യമായ പരിശീലനം ലഭിച്ച വ്യക്തികളുടെ സഹായമാണ് ആവശ്യം. ഇവർക്ക് വേണ്ടി പ്രത്യേകം സ്കൂളുകളും റീഹാബിലിറ്റേഷൻ സെന്ററുകളുമാണ് ആവശ്യം. |

സെക്ഷൻ ഓഫീസർ